അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 06/2022
24.09.2022 എ.കെ.ജി.സി.ടി. ഭവൻ

മിനിട്സ്

അജണ്ട

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. ജില്ലാ റിപ്പോർട്ട്
4. യൂണിറ്റ് വിസിറ്റ്
5. പ്രർത്തക ക്യാമ്പ്
6. ഐഫെക്ടോ - പ്രക്ഷോഭം
7. വിവിധ സബ് കമ്മറ്റികളുടെ പ്രവർത്തനം.
8. ആവശ്യമായ മറ്റ് കാര്യങ്ങൾ

ഹാജർ

ഡോ. മുഹമ്മദ് റഫീഖ് ടി, ഡോ. എൻ. മനോജ്, ഡോ.ഗീതാനമ്പിയാർ എം.കെ , രഘുദാസ് പി. വി., ഡോ. വിനു ഭാസ്കർ, ശശി.സി.ടി, ഡോ. സുനിൽ വി.ടി., ഡോ. റോസ്നികസ് പി. കെ., ഡോ. ബി. അശോക്, ഡോ. ആർ. പ്രഗാഷ്., ഡോ. ഷീബ ദിവാകരൻ, ഡോ. എം. എ. അസ്കർ, ഡോ. ടി. എ. ആനന്ദ്,ഡോ. മാണിക്യരാജ് കെ., ഡോ. ഷജില ബീവി, ഡോ. സുമി ജോയി ഓലിയപ്പുറം,ഡോ. റിജുലാൽ, ഡോ. രഞ്ജിത് മോഹൻ പി., അനൂപ് ജെ. അലക്കപ്പള്ളളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., സുശാന്ത് പി., ഡോ. ദിനേശ് പി. കെ., ആസിഫ് ഇക്ബാൽ കാക്കശ്ശേരി., ജയരാജ്.ജെ, ഡോ. സെനോ ജോസ്, ഡോ. പ്രിൻസ് പി.ആർ., ഡോ.മഞ്ജുള കെ.വി, ഡോ. ഷാനവാസ് പി.എച്ച്, ഡോ. എ.ബാലകൃഷ്ണൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. പ്രദീപ് കുമാർ, ഡോ. ജോജോമോൻ എൻ.എ, ഡോ. രാജു കെ.ആർ

ഉച്ചയ്ക്ക് 10ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന വൈസ്പ്രസിഡന്റ് ഡോ. ഗീതാനമ്പ്യാർ എം.കെ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാനട്രഷറർ ഡോ. ഡോ. എൻ. മനോജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

അനുശോചനം

പ്രശസ്ത സാഹിത്യകാരനും കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ നാരായൻ, എഴുത്തുകാരനും അധ്യാപകനുമായ ഡോ. എസ്. വി വേണുഗോപൻ നായർ, ഫ്രഞ്ച് നവതരംഗ സിനിമയുടെ ആചാര്യൻ ഷീൻ ലൂക് ഗൊദാർദ്, പ്രശസ്ത കാർട്ടൂണിസ്റ്റ് ജയചന്ദ്രൻ, പ്രശസ്ത നാടക സംവിധായകൻ ഓണംതുരുത്ത് രാജശേഖരൻ, തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമ മുൻ ഡയറക്ടർ ഡോ. രാമചന്ദ്രൻ മൊകേരി, പ്രശസ്ത സംഗീത സംവിധായകൻ ജോൺ പി. വർക്കി, സിനിമ സീരിയൽ നടൻ നെടുമ്പ്രം ഗോപി തുടങ്ങിയവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തകസമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്

സർവ്വീസ് മേഖലയിലെ വിവിധ പ്രശ്നങ്ങൾ ഉന്നയിച്ച്കൊണ്ട് സംഘടന അഗസ്റ്റ് 22 ന് നടത്തിയ സെക്രട്ടറിയേറ്റ് മാർച്ചിൽ മികച്ച പങ്കാളിത്തമാണ് ഉണ്ടായത്.

മാർച്ചിന് ശേഷം നമ്മൾ ഉന്നയിച്ച ആവശ്യങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിക്കും വിവിധ വകുപ്പ് മന്ത്രിമാർക്കും കത്ത് നൽകി. പ്ലെയിസ്മെന്റ് വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ കാണുകയും 6000-7000,7000-8000 പ്ലെയിസ്മെന്റുകൾ അധ്യാപകർക്ക് ഡ്യൂ ആവുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കുവാനും, അസോസിയേറ്റ്, പ്രൊഫസർഷിപ്പ് അപേക്ഷകൾ വർഷത്തിൽ രണ്ടു തവണ വിളിക്കാനും ധാരണയായി.

പ്രിൻസിപ്പൽ നിയമനം സംബസിച്ച് അവസാനവട്ടം യാതൊരു നീതീകരണവും ഇല്ലാതെ ഒഴിവാക്കിയ അധ്യാപകരേയും പഴയ റെഗുലേഷൻ പ്രകാരം പ്രൊമോഷൻ ലഭിക്കേണ്ടിയിരുന്ന വരേയും ചേർത്ത് നിയമനം ഉണ്ടാവും എന്നാണ് സംഘടന കരുതുന്നത്. ഇതിനായി വേണ്ട ഇടപെടൽ നടത്തിവരുന്നു. കോളേജ് അധ്യാപകരുടെ പ്ലെയിസ്മെന്റിന് കോളേജ് വിദ്യാഭ്യാസ വകുപ്പ്, കേരള സ്റ്റേറ്റ് ഹയർ എജുക്കേഷൻ കൗൺസിൽ, സർവകലാശാലകൾ എന്നിവർ നടത്തുന്ന ഷോർട്ട് ടേം കോഴ്സുകൾ അംഗീകരിക്കുന്നതിനുള്ള സജീവ ഇടപെടൽ നടത്തിവരുന്നു. എത്രയും വേഗം ഉത്തരവിറങ്ങുന്നതാണ്.

യൂണിറ്റ് വിസിറ്റ് വരുന്ന അഴ്ചയോടെ പൂർത്തീകരിക്കപ്പെടും. ഹോം സ്റ്റേഷൻ സംബന്ധിച്ച് സർക്കാർ വിളിച്ച ഓൺലൈൻ യോഗം ഫലപ്രദമായില്ല. ഈ വിഷയത്തിൽ സംഘടനകളുടെ നേരിട്ടുള്ള യോഗം വിളിക്കണമെന്നാവശ്യപ്പെട്ട് സംഘടന കത്ത് നൽകിയിട്ടുണ്ട്. എൻ.പി.എസ് വിഷയത്തിൽ എഫ്.എസ്.ഇ.ടി.ഒ യുമായി ചേർന്ന് വേണ്ട ഇടപെടൽ നടത്തിവരുന്നു.സംഘടനയുടെ ഇടപെടലിന്റെ ഫലമായി ഫിസിക്കൻ എഡ്യുക്കേഷൻ അധ്യാപകരുടെ പ്രൊഫസർഷിപ്പിനുള്ള അപേക്ഷ കോളേജ് വിദ്യാഭ്യാസ വകുപ്പ് വിളിക്കുകയുണ്ടായി. സ്പാർക്കിൽ അംഗങ്ങളുടെ സർവ്വീസ് സംബന്ധമായ വിഷയങ്ങൾ നേരിട്ട് ഇടപെടുന്നതിന് സർവീസ് സെൽ കോഡിനേറ്റർക്ക് അനുമതി നൽകി ഉത്തരവ് ഇറക്കാനായി സംഘടന ധനകാര്യ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ഡി.എ., പേ റിവിഷൻ അനോമലി വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തിവരുന്നു.

ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര കുടിശിക, ആർ.സി., ഓ.സി. എക്സെമ്ഷൻ, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രി മെന്റ്, രാജ്യത്തെ സർവകലാശാല കോളേജ് അധ്യാപകരുടെ പെൻഷൻ പ്രായം ഏകീകരിക്കൽ തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ച് കൊണ്ട് ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ നവംബർ 16, 17, 18 തീയ്യതികളിൽ ഡെൽഹിയിൽ നടക്കാൻ പോകുന്ന യു.ജി.സി. ഓഫീസ് ഉരോധത്തിൽ സംഘടനയുടെ പങ്കാളിത്തം സംബന്ധിച്ച കാര്യം ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്. കോവിഡ് സാഹചര്യത്തിൽ രണ്ടു വർഷമായി പ്രവർത്തക ക്യാമ്പ് നടന്നിട്ടില്ല. ക്യാമ്പിന്റെ നടത്തിപ്പ് കാര്യത്തിലും ഇന്ന് തീരുമാനമെടുക്കേ ണ്ടതുണ്ട്.

ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിന്മേലും മറ്റ് വിഷയങ്ങളിലും സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

തീരുമാനങ്ങൾ

1. യൂണിറ്റ് വിസിറ്റ് സെപ്റ്റംബർ 30ന് അകം പൂർത്തീകരിക്കുന്നതാണ്.
2. സർക്കാർ കോളേജുകളിൽ ആരംഭിക്കുവാൻ തീരുമാനിച്ച പുതിയ കോഴ്സുകൾ എത്രയും പെട്ടെന്ന് തുടങ്ങാൻ വേണ്ട ഇടപെടൽ നടത്തും.
3. പേറിവിഷൻ അനോമലി, സ്പാർക്ക് വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും
4. ഡി.എ., മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി, അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം എന്നിവയിൽ വീണ്ടും ആവശ്യമായ ഇടപെടൽ നടത്തും.
5. ഫിസിക്കൽ എഡ്യുക്കേഷൻ വിദ്യാർത്ഥികളുടെ അലവൻസ് വർദ്ധിപ്പിക്കുന്ന വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും.

6. ഈ വർഷത്തെ സംസ്ഥാന പ്രവർത്തക ക്യാമ്പ് വയനാട്ടിൽ നടത്താൻ തീരുമാനിച്ചു.
7. എ.സി.എസ്.ആർ.ന്റെ നേതൃത്വത്തിൽ ഈ വർഷം നടത്തുന്ന വിവിധ സെമിനാറുകളുടെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ മാസം നടത്തുന്നതാണ്.
8. പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കുക, ഏഴാം ശബള പരിഷ്കരണത്തിന്റെ ഭാഗമായുള്ള കേന്ദ്ര വിഹിതം അനുവദിക്കുക, ആർ.സി. ഓ.സി. എക്സ്റ്റൻഷൻ കാലാവധി ദീർഘിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് നവംബർ 16, 17, 18 തീയ്യതികളിൽ ഡൽഹിയിൽ നടക്കുന്ന യു.ജി.സി ഓഫീസ് ഉപരോധത്തിൽ സംഘടനയിൽ നിന്നും 20 പേർ പങ്കെടുക്കും.
9. പ്രക്ഷോഭ ഫണ്ടായി അംഗങ്ങളിൽ നിന്നും 250 രൂപ സമാഹരിക്കാൻ തീരുമാനിച്ചു.

യോഗം വൈകിട്ട് 5.00ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
24-09-2022

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി